(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13002 കർഷകരെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച 5240 കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കിന് അനുബന്ധം കാണുക.†

കന്നുകാലി രോഗനിയന്ത്രണമേഖല സൃഷ്ടിക്കുന്നതിന് നടപടി

37 [3490] *ശ്രീ. വി. കെ. സി. മമ്മത് കോയ:*
,, *ടി. കെ. ദേവകുമാർ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മൃഗസംരക്ഷണ വകുപ്പ് മൃഗപരിപാലനത്തിനായി എത്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കന്നുകാലി രോഗനിയന്ത്രണമേഖല സൃഷ്ടിക്കുന്നതിനും പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് കാലിരോഗ നിയന്ത്രണമേഖല സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ തനതായ ജന്തുവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കന്നുകാലി രോഗനിർണ്ണയത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 1. ജന്തുരോഗ നിയന്ത്രണ പദ്ധതി (ഗോരക്ഷാ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി).

2. മൃഗരോഗ നിയന്ത്രണ പദ്ധതി — ASCAD.

3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM.2/610/2012—10

LIBRARY ARCHIVES Kerala Legislative Assembly

4. കന്നുകാലി സെൻസസ്.

5. മൃഗാശുപത്രികളുടെ വികസനവും സേവനങ്ങൾ ശക്തിപ്പെടുത്തലും.

6. പ്രതിരോധ വാക്സിൻ ഉൽപ്പാദനം—ലബോറട്ടറികൾ ആധുനിക വൽക്കരിക്കൽ.

7. ഊർജ്ജിത കന്നുകാലി വികസന പദ്ധതി.

8. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

9. വനിതകൾക്ക് പരിശീലനവും തൊഴിലും.

10. പശു, എരുമ, പന്നി, കോഴി, താറാവ്, ടർക്കി, മുയൽ ഇവ വളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി കർഷകർക്ക് നല്ലയിനം വളർത്തുമൃഗങ്ങളെ ലഭ്യമാക്കുന്നു.

11. കർഷകരുടെ പരിശീലനവും ബോധവൽക്കരണവും.

12. രോഗനിരീക്ഷണവും വിവരം കർഷകരെ അറിയിക്കലും.

(ബി)1. ഗോരക്ഷ

2. കുളമ്പുരോഗനിയന്ത്രണ പദ്ധതി

3. ASCAD

4. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി

5. മൃഗസമുദ്രോൽപ്പന്ന പരിശോധന ലബോറട്ടറി സ്ഥാപിക്കൽ.

(സി) ഉണ്ട്.

1. കുളമ്പുരോഗനിയന്ത്രണ പദ്ധതി മൂന്ന് ജില്ലകൾക്ക്—100% CSS

2. ASCAD—75% CSS

3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി — 100% CSS.

(ഡി) ഉണ്ട്. മലബാറി ആടുകളെയും അങ്കമാലി ബ്ലാക്ക് ഇനത്തിൽപ്പെട്ട പന്നികളെയും സംരക്ഷിക്കുന്നതിനായി കേന്ദ്ര സഹായപദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) കന്നുകാലിരോഗനിയന്ത്രണത്തിനായി സംസ്ഥാനതലത്തിൽ പാലോട്ടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറിയാണ് വികസിപ്പിച്ചിട്ടുള്ളത്. ഇതുകൂടാതെ, മൂന്ന് മേഖലാ ലബോറട്ടറികൾകൂടി വികസിപ്പിച്ചുവരുന്നു. ഇതിനുപുറമേ 14 ജില്ലാ വെറ്ററിനറി കേന്ദ്രത്തോടനുബന്ധിച്ച് ഓരോ ക്ലിനിക്കൽ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. പ്രാഥമിക രോഗനിർണ്ണയ സൗകര്യങ്ങൾ വെറ്ററിനറി പോളിക്ലിനിക്കുകളിലും മൃഗാശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ, കുളമ്പുരോഗം, ആന്ത്രാക്സ്, കുരലടപ്പൻ, ആടുവസന്ത തുടങ്ങി എല്ലാ രോഗങ്ങളും സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly